ഏതെങ്കിലും മരുന്ന് ഉപയോഗിക്കുംമുമ്പ്, അതിൽനിന്നുണ്ടാകാവുന്ന ദുഷ്ഫലങ്ങളെപ്പററി അന്വേഷിക്കേണ്ട ഉത്തരവാദിത്തവും അവരിൽത്തന്നെ വന്നുകൂടുന്നു.

വായിക്കാൻ അറിയാവുന്ന രോഗികളേ, കുപ്പിയിലൊട്ടിച്ച ലേബൽ വായിച്ചു നോക്കുക; ഡോക്ടറോടു ചോദിച്ചു സംശയം തീർക്കുകയും ചെയ്യുക. എന്നിട്ടു മാത്രം മരുന്നു കഴിക്കുക.

വായിക്കാൻ കഴിയാത്ത രോഗികളോട്, ഔഷധങ്ങളുടെ രോഗശമന ശക്തിയെപ്പററി മാത്രമല്ല, അവയിൽ അടങ്ങിയ ആപത്തുകളെക്കുറിച്ചു കൂടി, വിശദമായി പറഞ്ഞുകൊടുക്കാൻ; വായിക്കാൻ കഴിവുള്ളവർ സമയം കണ്ടെത്തേണ്ടിയിരിക്കുന്നു.

## 115. കസ്തൂരി

'നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലൻെറ ലലാടം തന്നിൽ
പേറു പുരണ്ടതു കണ്ടാലതു വില
വേറില്ലാത്തൊരു കസ്തൂരിക്കുറി
എന്നല്ലാതൊരു മനുജന്മാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ.'

അതു കുഞ്ചൻനമ്പ്യാരുടെ കാലത്ത്. ഇപ്പോൾ നേപാള മഹാരാജാവിൻെറ നെററിയിൽ കസ്തൂരിക്കുറി കണ്ടാൽ അതു ചാന്തോ ചായമോ ചളിയോ ആയിരിക്കാമെന്നല്ലാതെ കസ്തൂരിയാണെന്ന് 'ഒരു മനുജന്മാർക്കും തോന്നുകയില്ല വിചാരിക്കുമ്പോൾ.' കാരണം, കസ്തൂരി അത്ര ദുർലഭമായ ഒരു സാധനമായിക്കഴിഞ്ഞിരിക്കുന്നു.

ഹിമാലയസാനുക്കളിൽ ജീവിക്കുന്ന കൊമ്പില്ലാത്ത ഒരുതരം ചെറിയ മാനാണ് കസ്തൂരിമൃഗം. ആൺകസ്തൂരിമാനിൻെറ ശരീരത്തിലുള്ള ഒരു ഗ്രന്ഥിയിൽ ഊറിക്കൂടുന്നതും കറുപ്പോ ചുവപ്പു കലർന്ന ഇളം തവിട്ടോ നിറമുള്ളതുമായ ഒരു ജൈവവസ്തുവാണ് കസ്തൂരി. മദികാലത്ത് പേടകളെ ആകർഷിക്കാനായി കലമാനിന് ഇതിൻെറ ഗന്ധം ഉപയോഗപ്പെടുന്നു. ഈ ലൈംഗികബന്ധംകൊണ്ടാവണം, കസ്തൂരിമാനിൻെറ വൃഷണത്തിലാണ് കസ്തൂരിയുണ്ടാവുന്നത് എന്നു പണ്ടുള്ളവർ വിശ്വസിച്ചിരുന്നു. കസ്തൂരി എന്ന അർത്ഥത്തിൽ ഇംഗ്ലീഷിലുള്ള 'മസ്ക്' എന്ന പദം ഉത്ഭവിച്ചതു് ഈ വിശ്വാസത്തിൽനിന്നാണ്. 'മുഷ്കം' എന്നാൽ സംസ്കൃതത്തിൽ വൃഷണം എന്ന് അർത്ഥം. സംസ്കൃതത്തിലെ മുഷ്കംതന്നെ ഇംഗ്ലീഷിലെ മസ്ക്. തന്നിൽനിന്നു പുറപ്പെടുന്ന സുഗന്ധം എവിടെനിന്ന് ഉണ്ടാവുന്നതാണെന്നറിയാതെ, അതും തിരഞ്ഞാണ് കസ്തൂരിമാൻ പുളപ്പുകാലത്ത് ഓടിപ്പാഞ്ഞു നടക്കുന്നതെന്നു കരുതപ്പെട്ടിരുന്നു. ആനന്ദം സ്വന്തം ആത്മാവിൽ സ്ഥിതിചെയ്കേ, അതു തേടി ലോകമെങ്ങും അലയുന്ന ഭോഗതത്പരരായ മനുഷ്യരെ മുൻപറഞ്ഞ നിലയിലുള്ള കസ്തൂരിമാനിനോട് ഉപമിക്കുക ഭക്തകവികളുടെ ഒരു പ്രസിദ്ധ കാവ്യസങ്കേതമായിരുന്നു.

അംഗരാഗങ്ങളിൽ ചേർക്കുന്നതിനുള്ള സുഗന്ധവസ്തുവായി മാത്രമല്ല കസ്തൂരി ഉപകരിച്ചിരുന്നതു്. വിശിഷ്ടമായ ഒരു ഔഷധമെന്ന നിലയിലും അതു പ്രചുരപ്രചാരം ആർജിച്ചിരുന്നു. തൊണ്ടയിലെയും നെഞ്ചി

ലെയും കഫം അകററി ശ്വാസതടസ്സം നീക്കുന്നതിന് കസ്തൂരിക്ക് അസാമാന്യമായ കഴിവുള്ളതിനാൽ, ആസന്നമരണർക്ക് കസ്തൂരി ചേർത്ത വായുഗുളിക അരച്ചുകൊടുക്കുന്നത് നമ്മുടെ നാട്ടിൽ ഇന്നും നിലവിലുള്ള ഒരു സമ്പ്രദായമാണല്ലോ. സ്വർണവും രത്നങ്ങളുംപോലെ കസ്തൂരിയും, രാജാക്കന്മാർ ഭണ്ഡാരത്തിൽ ശേഖരിച്ചുവെക്കമായിരുന്നു. ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെടുവാൻ പലായനം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ഹുമയൂൺ ചക്രവർത്തിക്കു മകൻ പിറന്നത്. പുത്രജന്മവാർത്ത അറിയിച്ചവർക്കു സമ്മാനമായി കൊടുക്കുവാൻ അദ്ദേഹത്തിന്റെ കൈയിൽ പണമോ വസ്ത്രങ്ങളോ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത് കുറെ കസ്തൂരിയാണ്. അത് അദ്ദേഹം വന്നവർക്കെല്ലാം പങ്കിട്ടുകൊടുത്തു. ഫലമോ? കസ്തൂരിയുടെ സൗരഭ്യംപോലെ പുത്രനായ അക്ബറുടെ യശസ്സ് പില്ക്കാലത്ത് ലോകമെമ്പാടും വ്യാപിച്ചു.

രണ്ടാം മഹായുദ്ധം കഴിയുംവരെ ഇന്ത്യയിൽ കസ്തൂരി സുലഭമായിരുന്നു. കലർപ്പു ചേർത്താണെങ്കിലും, പഞ്ചാബിലെ ചില ഔഷധവ്യാപാരികൾ കേരളത്തിൽ ആവശ്യമുള്ളവർക്കൊക്കെ കസ്തൂരി എത്തിച്ചുകൊടുത്തിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം രാഷ്ട്രീയകക്ഷികളുടെ ഒത്താശയിൽ വനം കൺട്രാക്ടർമാർ ഹിമാലയച്ചെരുവുകളിലെ കാടുകൾ വെട്ടിവെളുപ്പിക്കാൻ തുടങ്ങിയതോടെ കസ്തൂരിമാനുകൾക്കു പാർപ്പിടം നഷ്ടപ്പെട്ടു. കള്ളവേട്ട സാർവത്രികമായതിനാൽ അവയ്ക്കു വംശക്ഷയവും നേരിട്ടു. ചൈനക്കാർ തിബത്ത് പിടിച്ചടക്കിയപ്പോൾ അവിടെനിന്ന് കസ്തൂരി കിട്ടിയിരുന്നതും നിന്നു. ഇതിന്റെയൊക്കെ ഫലമായി കസ്തൂരിയുടെ ഉല്പാദനവും വ്യാപാരവും ഇന്ത്യയിൽ മിക്കവാറും നിലച്ചമട്ടായി. 1960-ൽ ഏതാണ്ട് എണ്ണൂറു കിലോഗ്രാം കസ്തൂരി ഇന്ത്യയിൽനിന്നു കയററിയയച്ചുവത്രേ. ആ സ്ഥാനത്ത് 1980-ൽ കയററിയയച്ചത് ഇരുനൂറ് കിലോഗ്രാമിൽ താഴെ മാത്രമാണ്. ഇതിൽ നൂററമ്പതു കിലോഗ്രാമും വാങ്ങിയത് ജപ്പാനാണ്. മരുന്നുണ്ടാക്കുവാനാണ് ജപ്പാൻകാർ കസ്തൂരി ഉപയോഗപ്പെടുത്തുന്നത്. ബാക്കിയുള്ള നാല്പത്തഞ്ചു കിലോഗ്രാം കസ്തൂരി യൂറോപ്പിലെ പല രാജ്യങ്ങളും വാങ്ങി. സുഗന്ധവസ്തുക്കളിൽ ചേർക്കാനാണ് അവർക്കു കസ്തൂരി. അന്താരാഷ്ട്രീയ മാർക്കററിൽ 1979-ൽ ഒരു കിലോഗ്രാം കസ്തൂരിക്ക് നാല്പതിനായിരം ഡോളർ വിലയുണ്ടായിരുന്നുവത്രേ.

സ്വാഭാവിക കസ്തൂരി ദുർലഭമായപ്പോൾ, കസ്തൂരി കൃത്രിമമായി നിർമിക്കുന്നതു സ്വാഭാവികമായി. രാസവസ്തുക്കളുപയോഗിച്ചു കൃത്രിമമായി നിർമിക്കുന്ന കസ്തൂരിക്കു ശരിയായ കസ്തൂരിയുടെ നിറവും മണവുമുണ്ടാവും; ഗുണമുണ്ടാവുമോ എന്തോ! ഏതായാലും കൃത്രിമകസ്തൂരി ഒരു കിലോവിന് നൂററമ്പതുമുതൽ മുന്നൂററിയിരുപത്തഞ്ചു രൂപവരെയേ വിലയുള്ളു. അടുത്ത ആയുർവേദ ഔഷധാലയത്തിലെ ദശമൂലാരിഷ്ടത്തിൽനിന്നും കസ്തൂര്യാദി ഗുളികയിൽനിന്നും ഉയരുന്ന സുഗന്ധം ഈ വില കുറഞ്ഞ കൃത്രിമഗന്ധമായിക്കൂടെന്നില്ല.

ആയുർവേദത്തിനു പുറമേ ഉത്തരേന്ത്യയിലെ യുനാനി സമ്പ്രദായത്തിലും കസ്തൂരി ചേർത്ത ഔഷധങ്ങൾ നിർമിക്കുന്നുണ്ട്. ഉത്തരപ്രദേശ് ഗവണ്മെൻറ് അവിടത്തെ ആയുർവേദ-യുനാനി ഔഷധശാലകൾക്കുവേണ്ടി ആണ്ടുതോറും വാങ്ങുന്നത് അര കിലോ കസ്തൂരിയാണത്രേ! ഇതുതന്നെയും സ്വകാര്യവ്യക്തികളിൽനിന്നാണു സർക്കാരിനു കിട്ടുന്നതു്. ഔഷധാവശ്യങ്ങൾക്കായി ഇന്ത്യയിലാകെ ഇപ്പോൾ ആണ്ടിൽ പത്തുമുതൽ പതിനഞ്ചുവരെ കിലോഗ്രാം കസ്തൂരി മാത്രമേ കിട്ടുന്നുള്ളുവത്രേ.

ഈ വിവരങ്ങളെല്ലാം ശേഖരിച്ചിട്ടുള്ളത്. ബോംബെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലോക വന്യജീവിനിധിയുടെ (വേൾഡ് വൈൽഡ്

ലൈഫ് ഫണ്ടിൻെറ) ഇന്ത്യൻ ശാഖയാണ്. ഉത്തരപ്രദേശിലെ ഗഡ്വാൾ ജില്ലയിൽ കസ്തൂരിമാൻ നിരന്തരമായും ക്രൂരമായും വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് വന്യജീവിനിധിയുടെ വക്താക്കൾ പറയുന്നു. ചെറിയ മാൻകുട്ടികളെപ്പോലും കുടുക്കുവെച്ചു പിടിച്ചു കൊല്ലാൻ ആളുകൾക്കു സങ്കോചമില്ല. കാരണം, കസ്തൂരിയുടെ ഉയർന്ന വിലതന്നെ. ഈ നില തുടർന്നാൽ കസ്തൂരിമാൻ താമസിയാതെ ഹിമാലയത്തിൽനിന്നു തികച്ചും അപ്രത്യക്ഷമാകാൻ അധികം വർഷങ്ങളൊന്നും വേണ്ടിവരുകയില്ല. ഏതാനും വർഷം മുമ്പ് കേരളത്തിൽ, ഗ്രാമങ്ങളിൽ, നഗരങ്ങളിൽക്കൂടി, സാധാരണയായി കണ്ടുവന്നിരുന്ന വെരുക് ഇപ്പോൾ ഏറെക്കുറെ കുററിയററുപോയിരിക്കുകയാണല്ലോ ഇതേവിധി, കുറേക്കൂടി വലിയതും കുറേക്കൂടി സാമ്പത്തിക പ്രാധാന്യമുള്ളതുമായ കസ്തൂരിമാനിനും നേരിട്ടുകൂടെന്നില്ല.

പത്നിയായ സതീദേവി യോഗാഗ്നിയിൽ ശരീരം ദഹിപ്പിച്ചപ്പോൾ വിരക്തനായിത്തീർന്ന ശ്രീപരമേശ്വരൻ തോലുടുത്തു തപസ്സനുഷ്ഠിക്കാൻ ചെന്നതു്, ഗംഗയിലെ നീർച്ചാട്ടങ്ങൾ ദേവദാരുവൃക്ഷങ്ങളെ നനയ്ക്കുന്നതും കസ്തൂരി മണക്കുന്നതും കിന്നരന്മാർ പാടി നടക്കുന്നതുമായ ഹിമാലയത്തിലെ ഒരു താഴ്വരയിലേക്കായിരുന്നുവെന്ന് കാളിദാസൻ പ്രസ്താവിച്ചിട്ടുണ്ട്. 'കിന്നരപ്രദേശം' ഇപ്പോഴും ഉത്തരപ്രദേശത്തിൻെറ ഒരു ഭാഗമാണെങ്കിലും, കിന്നരന്മാരുടെ അകൃത്രിമ സംഗീതമാധുര്യത്തിൻെറ ഉറവു് എന്നേ വററിപ്പോയിരിക്കുന്നു. ഇപ്പോഴിതാ, 'മൃഗനാഭിഗന്ധ'വും ഹിമാലയവായുവിൽനിന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. സാരമില്ല. തപസ്സനുഷ്ഠിച്ചേ കഴിയൂ എന്നുള്ളവർക്കു് ഇപ്പോൾ സ്വിററ്സർലണ്ടിലും ഹോളണ്ടിലും അമേരിക്കയിലുമൊക്കെ ധാരാളം ആശ്രമങ്ങളുണ്ടല്ലോ. കിന്നരഗീതത്തിനു പകരം അവിടെ 'റോക്ക്ൻറോൾ' ഉണ്ടു്; കസ്തൂരിഗന്ധത്തിനു പകരം മററുതരം ഗന്ധങ്ങളും. വസിഷ്ഠൻ, വാമദേവൻ, വിശ്വാമിത്രൻ മുതലായവർക്കു പകരം രജനീശൻ, മഹേശയോഗി, അഗേഹാനന്ദൻ മുതലായ ആചാര്യന്മാരും വേണ്ടത്രയുണ്ടു്. അന്തേവാസികൾ കൊടുക്കേണ്ട ഫീസ്സും അത്ര അധികമെന്നു പറയാനില്ല. കാളിദാസൻ പറഞ്ഞപോലെ 'കേ നാപി കാമേന' (അറിയാൻ വയ്യാത്ത എന്തോ കാമത്താൽ) തപസ്സനുഷ്ഠിക്കാനാഗ്രഹിക്കുന്നവർ ഇന്നു് ഹിമാലയത്തിലേക്കുതന്നെ പോയേ കഴിയൂ എന്നില്ല.

പക്ഷേ, വായുഗുളികയുടെ കാര്യം അതല്ലല്ലോ. 'കായേ സീദതി കണ്ഠരോധിനി കഫേ കണ്ഠേ ച വാണീപഥേ' (ദേഹം തളരുകയും കഫം തൊണ്ടയിൽ തടയുകയും സംസാരമാർഗം അടഞ്ഞുപോവുകയും ചെയ്യുമ്പോൾ) അല്പം ജീരകവെള്ളത്തിൽ ഒരു വായുഗുളിക കലക്കിക്കൊടുക്കുവാൻ കഴിയുകയെന്നതു്, മരിക്കുവാൻപോകുന്ന ആൾക്കും അയാളുടെ ചുററും നോക്കിനില്ക്കുന്ന ഉററ ബന്ധുക്കൾക്കും അത്യന്തം ആശ്വാസം നൽകുന്ന ഒരു പ്രവൃത്തിതന്നെ ആണ്. അതിനിനി എന്തു മാർഗം?....അല്ലെങ്കിൽ, അടുത്ത നഴ്സിങ്ഹോമിൽനിന്ന് ഓക്സിജൻ സിലിൻഡർ വാടകയ്ക്കെടുക്കാമല്ലോ, അല്ലേ?

22 നവംബർ, 1981

## 116. ക്ഷയരോഗം

റോബർട്ട് കോക്ക് എന്ന ജർമൻ ഡോക്ടർ, പിറന്നാൾസമ്മാനമായി തൻെറ പത്നി നൽകിയ സൂക്ഷ്മദർശിനിയിലൂടെ നോക്കി, 1882 മാർച്ച് 24-ാം തീയതി ക്ഷയരോഗാണുവിനെ തിരിച്ചറിഞ്ഞു. ഇതോടെ ക്ഷയ